73 (982) സ്വകാര്യ കെട്ടിട ഉടമകളിൽ നിന്ന് അംശദായം ഈടാക്കാൻ നടപടി

ശ്രീ. പിരപ്പൻകോട് മുരളി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ നിയമം നടപ്പിലാക്കിയ ശേഷം സ്വകാര്യ കെട്ടിട ഉടമകളിൽ നിന്ന് എത്ര തുക അംശദായമായി ഈടാക്കിയിട്ടുണ്ട്.

(ബി) സ്വകാര്യ കെട്ടിട ഉടമകളിൽ നിന്ന് അംശദായം ഫലപ്രദമായി ഈടാക്കാൻ എന്തു നടപടികളാണ് ക്ഷേമബോർഡ് സ്വീകരിക്കുന്നത്;

(സി) ഇക്കാര്യത്തിൽ ഇപ്പോൾ സ്വീകരിക്കുന്ന നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിഗണിക്കുന്നുണ്ടോ;

(ഡി) ഈ നിയമം നിലവിൽ വന്നതിന് ശേഷം സ്വകാര്യ കെട്ടിട ഉടമസ്ഥരിൽനിന്നും കോൺട്രാക്ടർമാരിൽനിന്നും എത്ര രൂപ പിരിഞ്ഞു കിട്ടാൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അംശദായമൊന്നും ഈടാക്കിയിട്ടില്ല.

(ബി) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നശേഷം അംശദായം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് തൊഴിൽ വകുപ്പാണ്, ക്ഷേമ ബോർഡല്ല.

(സി) സെസ്സ് പിരിവ് കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കുടിശ്ശിക തിട്ടപ്പെടുത്തിയിട്ടില്ല. ഊർജ്ജിതമായി നടപടി സ്വീകരിച്ചുവരുന്നു.

74 (933) പെട്രോൾ ബങ്കുകളിലെ വനിതാ ജീവനക്കാർ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. വി.സി. കബീർ :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ ബങ്കുകളിൽ പെൺകുട്ടികൾ സെയിൽസ് ഗേളുകളായി ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെട്രോൾ ബങ്കുകളിലെ സെയിൽസ് ഗേളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെയിൽസ് ഗേളുകളുടെ സേവന വേതന വ്യവസ്ഥകളും അവധി വ്യവസ്ഥകളും എന്തൊക്കെയാണ്;

(ഡി) പെട്രോൾ ബങ്കുകളിൽ തൊഴിൽ എടുക്കുന്ന പെൺകുട്ടികൾ പെട്ടെന്ന് അഗ്നിബാധയുണ്ടാകുന്ന വിധത്തിലുള്ള പരുത്തി ഇതര

LIBRARY ARCHIVES Kerala Legislative Assembly